# ഭൂട്ടാൻ പ്രധാനമന്ത്രിയുടെ ഔദ്യോഗിക ഇന്ത്യ സന്ദർശനം (മാർച്ച് 14-18, 2024)

മാർച്ച് 13, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ ക്ഷണം സ്വീകരിച്ച് ഭൂട്ടാൻ പ്രധാനമന്ത്രി ശ്രീ. ദാഷോ ഷെറിംഗ് തോബ്ഗേ 2024 മാർച്ച് 14-18 തീയതികളിൽ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനത്തിനെത്തും. 2024 ജനുവരിയിൽ ചുമതലയേറ്റ ശേഷം ശ്രീ. ഷെറിംഗ് തോബ്ഗേ നടത്തുന്ന ആദ്യത്തെ വിദേശ സന്ദർശനമാണിത്. ഭൂട്ടാൻ വിദേശകാര്യ-വിദേശ വ്യാപാര മന്ത്രിയും ഊർജ്ജ-പ്രകൃതിവിഭവ മന്ത്രിയും വ്യവസായ-വാണിജ്യ-തൊഴിൽ മന്ത്രിയും മുതിർന്ന ഉദ്യോഗസ്ഥരും ഭൂട്ടാൻ പ്രധാനന്ത്രിയെ അനുഗമിക്കും.

2. സന്ദർശന വേളയിൽ, രാഷ്ട്രപതി ദ്രൗപദി മുർമ്മുവായി കൂടിക്കാഴ്ചനടത്തുന്ന ഭൂട്ടാൻ പ്രധാനമന്ത്രി തോഗ്ബേ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി സംഭാഷണം നടത്തും. വിദേശകാര്യ മന്ത്രിയും മറ്റ് ഉന്നത ഉദ്യോഗസ്ഥരും ഭൂട്ടാൻ പ്രധാനമന്ത്രിയെ കാണും. സന്ദർശന വേളയിൽ പ്രധാനമന്ത്രി ശ്രീ. ഷെറിംഗ് തോബ്ഗേ മുംബൈയും സന്ദർശിക്കും.

3. എല്ലാ തലങ്ങളിലുമുള്ള വിശ്വാസത്തിലും അവ്യാജമായ സന്നദ്ധതയിലും പരസ്പര ധാരണയിലും അധിഷ്ഠിതമായ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും മാതൃകാപരമായ ബന്ധം ഇന്ത്യയും ഭൂട്ടാനും കാത്തുസൂക്ഷിക്കുന്നു. ഭൂട്ടാൻ പ്രധാനമന്ത്രിയുടെ സന്ദർശനം, ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും ദീർഘകാല ബന്ധങ്ങൾ വിപുലീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിനും ഇരു രാജ്യങ്ങളും തമ്മിലുള്ള സവിശേഷമായ പങ്കാളിത്തത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനും അവസരം നൽകും.

**ന്യൂഡൽഹി**
**മാർച്ച് 13, 2024**